ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങ് ജില്ലാ പോലീസ് മേധാവി ഡോ വൈഭവ് സക്സേന ഫലവൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു. പരിസ്ഥിതിക്ക് ദോഷം വരാത്ത രീതിയിൽ പ്രകൃതിയോട് ഇണങ്ങി ജീവിക്കുകയെന്നതായിരിക്കണം നമ്മൾ അനുവർത്തിക്കേണ്ട ശൈലി എന്ന് എസ്.പി പരിസ്ഥിതി ദിന സന്ദേശത്തിൽപ്പറഞ്ഞു. തുടർന്ന് അദ്ദേഹം വൃക്ഷത്തൈകൾ വിതരണം ചെയ്തു. അഡീഷണൽ എസ്പിജിൽസൺ മാത്യു, ഡി വൈ എസ് പി മാരായ വി.എസ് നവാസ്, പി.പ്രസാദ്, എ.എസ്.പി ട്രയ്നി അഞ്ജലി ഭാവന, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് വിനോദ്.വി മാത്യു, മാനേജർ പി.വി രാജി തുടങ്ങിയവർ പങ്കെടുത്തു. നൂറോളം ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു.